**പതിനാലാം കേരളനിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4646 — 26.10.2016 ന് മറുപടിയ്ക്ക്.

## പാലക്കാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണ ഭീഷണിയുള്ള സ്ഥലങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉണ്ണി | അഡ്വ. കെ.രാജു (വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) പാലക്കാട് ജില്ലയിൽ വന്യമൃഗങ്ങളുടെ ആക്രമണ ഭീഷണിയുള്ള സ്ഥലങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ; | (എ) കണ്ടെത്തിയിട്ടുണ്ട്. പാലക്കാട് ജില്ലയിലെ സൈലന്റ് വാലി ഫോറസ്റ്റ് ഡിവിഷനിലെ അമ്പലപ്പാറ, ഉപ്പുക്കുളം, പൊതുവപ്പാടം, ചിണ്ടക്കി മേഖലകളിലും , നെന്മാറ ഡിവിഷൻ പരിധിയിലുള്ള എലവഞ്ചേരി, മുതലമട, ചപ്പക്കാട്, ചെമ്മണാംപതി, കൊല്ലമ്പ്, തിരുവഴിയാട്, പോത്തുണ്ടി, ചൂലന്നൂർ, വടക്കഞ്ചേരി മേഖലകളിലും, മണ്ണാർക്കാട് ഡിവിഷന്റെ പരിധിയിൽ വരുന്ന പുതൂർ, ഷോളയൂർ, ഒമ്മല, മണ്ണാർക്കാട്, പാലക്കയം മേഖലകളിലും, പാലക്കാട് ഫോറസ്റ്റ് ഡിവിഷനിലെ ഒലവക്കോട്, വാളയാർ എന്നീ മേഖലകളിലുമാണ് നിലവിൽ വന്യമൃഗങ്ങളുടെ ആക്രമണ ഭീഷണി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. |
| (ബി) വന്യമൃഗ ആക്രമണ ഭീഷണി തടയുന്നതിനായി എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; അതിനായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ? | (ബി) പാലക്കാട് ജില്ലയിൽ വന്യമൃഗ ആക്രമണ ഭീഷണി നേരിടുന്ന മേഖലകളിൽ സൗരോർജ്ജ കമ്പിവേലി, ആന പ്രതിരോധ കിടങ്ങ്, ആന പ്രതിരോധ മതിൽ എന്നിവ നിർമ്മിക്കുകയും, നിലവിലുള്ളവയുടെ അറ്റകുറ്റപണികൾ നടത്തിവരികയും ചെയ്യുന്നുണ്ട്. കൂടാതെ വനം വകുപ്പിലെ സംരക്ഷണ ജീവനക്കാരുടെയും, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റി/വന സംരക്ഷണ സമിതി അംഗങ്ങളുടെയും തദ്ദേശവാസികളുടെയും കൂട്ടായ പ്രവർത്തനവും പ്രശ്നബാധിത മേഖലകളിൽ പട്രോളിംഗും നടന്നുവരുന്നുണ്ട്. കൂടാതെ ഇത്തരം മേഖലകളിൽ റാപിഡ് റെസ്പോൺസ് ടീമിന്റെ സേവനവും ആവശ്യാനുസരണം ഉപയോഗിക്കുന്നുണ്ട്. ഇതിനായി 2010-11 മുതൽ നാളിതുവരെയായി 1,85,63,036/- രൂപ (ഒരു കോടി എൺപത്തഞ്ചു ലക്ഷത്തി അറുപത്തിമൂന്നായിരത്തി മുപ്പത്തിയാറു രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.